ഉപയോഗിച്ച് വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് എന്നിവ ഉണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതിയുടെ ആകെ അടങ്കൽ തുക 21.291 കോടി രൂപയാണ്. ഇതിൽ 17.815 കോടി രൂപ യന്ത്ര സഹായത്തോടെ പോള നീക്കംചെയ്യുന്നതിനും, 3.476 കോടി രൂപ മറ്റു പ്രവൃത്തികൾക്കുമായി രുന്നു വകയിരുത്തിയിരുന്നത്. 20-4-2010-ൽ പോള നീക്കംചെയ്യുന്നതിന് ഫിർമ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ടെണ്ടർ കാലാവധി തീർന്നതിനുശേഷവും ജോലി തുടരുന്നതിനാലും മറ്റു സാങ്കേതിക കാരണങ്ങളാലും പ്രസ്തുത ടെണ്ടർ അവസാനിപ്പിക്കുവാനും പുതിയ ടെണ്ടർ ക്ഷണിക്കുവാനും തീരുമാനിക്കുകയും പുതിയ ടെണ്ടർ ക്ഷണിച്ച് 21-6-2013-ാം തീയതി ജോലി പുനരാരംഭിക്കുകയും ചെയ്തു. അരൂർ നിയോജകമണ്ഡലത്തിന് ചുറ്റുമുള്ള കായലുകളിലെ പോളശല്യംമൂലം മത്സ്യത്തൊഴിലാളികളും, പൊതുജനങ്ങളും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ കായലുകളിലെ പോള നീക്കംചെയ്യുന്നതിന് ശ്രമങ്ങൾ നടത്തുകയും ചെയ്തു. അരൂർ നിയോജകമണ്ഡലത്തിലെ അരൂക്കുറ്റിപ്പാലം, അരൂർമുക്കം, കടപ്പുറം, തൈയ്ക്കാട്ടുശ്ശേരിപെരി എന്നിവിടങ്ങളിലെ കായലുകളിൽ നിന്ന് 2013 നവംബർ 27 മുതൽ 2014 ഫെബ്രുവരി 3 വരെ റീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് പോള നീക്കംചെയ്യുകയുണ്ടായി. അത് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാവുന്ന കാര്യമാണ്. പോളവാരൽ കരാറിന്റെ കാലാവധി 20-06-2014-ന് അവസാനിച്ചു, അതുകൊണ്ട് പോളവാരൽ താല്കാലികമായി നിർത്തിവച്ചിരിക്കുന്നു എന്നതാണ് പ്രശ്നം. പോളവാരൽ നടപ്പാക്കുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഫണ്ട് ലഭിക്കുന്നതിനായി ഫിർമ പ്രോജക്ട് സമർപ്പിച്ചുവെങ്കിലും, ഒരിക്കൽ ഫണ്ട് അനുവദിച്ച പദ്ധതിക്ക് വീണ്ടും ഫണ്ട് അനുവദിക്കുവാൻ സാധിക്കുക യില്ല എന്ന് ആർ.കെ.വി.വൈ.-യുടെ നോഡൽ സെല്ലായ പി.പി.എം. വകുപ്പ് ഫിർമയെ അറിയിച്ചിരിക്കുകയാണ്. പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. ടെണ്ടർ കാലാവധി അവസാനിച്ചതുകൊണ്ടും ഫണ്ടിന്റെ അപര്യാപ്തതമൂലവും വർക്ക് തുടരാൻ സാധിച്ചിട്ടില്ല. ഫണ്ട് കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പോള ഉപയോഗിച്ച് മറ്റുവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു. അതിനെ സംബന്ധിച്ച് വിശദമായ പഠന ഗവേഷണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്, ഇപ്പോൾ ആ രീതിയിൽ മുന്നോട്ടു പോയിട്ടില്ല.

**8. റെഗുലേറ്റർ-കം-ബ്രിഡ്ജ്**

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ എടവണ്ണ, പന്നിപ്പാറ, പള്ളിമുക്ക് എന്നീ സ്ഥലങ്ങളിൽ ചാലിയാറിനു കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി 2012 ഫെബ്രുവരി മാസം 24-ാം തീയതി അവിടെ വന്ന് ഒരു മീറ്റിംഗിൽ വച്ച് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സർവ്വേ കഴിഞ്ഞ് എസ്റ്റിമേറ്റ് തയ്യാറാക്കി ഐ.ഡി.ആർ. ബി ചീഫ് എഞ്ചിനീയർക്ക് ഡിസൈൻ തയ്യാറാക്കുന്നതിനായി നൽകിയിരുന്നു. ഒരു റിവ്യൂ എന്ന

LIBRARY ARCHIVES Kerala Legislative Assembly

നിറയ്ക്ക് 2013 സെപ്റ്റംബർ 4-ാം തീയതി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ 2 മാസം കൊണ്ട് അതിന്റെ ഡിസൈൻ തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും നാളിതുവരെ അതിന്റെ പ്രവർത്തനം എവിടെയും എത്തിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ചാലിയാറിന് കുറുകെ എടവണ്ണ, പന്നിപ്പാറ, പള്ളിമുക്ക് ഭാഗത്തായി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ, പള്ളിമുക്കിൽ ചാലിയാറിനു കുറുകെ ഒരു വിയർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് നൽകുകയും പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതാണ് അനുയോജ്യമെന്ന് കണ്ടെത്തുകയും ചെയ്തു. 15-3-2014-ൽ ഇതനുസരിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭിക്കുകയും അതുപ്രകാരം ഡിസൈൻ തയ്യാറാക്കി വരികയുമാണ്. എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്, അത് ഏറ്റവും വേഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## 9. ആദിവാസി യുവാവിന്റെ മരണം

ശ്രീ. കെ. രാജു: സർ, ഇന്നവത്തെ എല്ലാ ദിനപത്രങ്ങളിലും അച്ചടിച്ചു വന്ന ഒരു വാർത്തയുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആദിവാസി യുവാവ് ചികിത്സ കിട്ടാതെ മരിച്ചു. ചിത്രം സഹിതമാണ് വാർത്ത അച്ചടിച്ചു വന്നത്. അച്ചൻകോവിലിൽ ചികിത്സാസൗകര്യമില്ലാത്തതുമൂലം ആദിവാസി യുവാവ് മരിച്ച സംഭവമാണ്. മിനിഞ്ഞാന്ന് ഈ ആദിവാസി യുവാവിനെ പനിയും നെഞ്ചുവേദനയും അനുഭവപ്പെട്ടതുകൊണ്ട് അച്ചൻകോവിലിൽ നിന്ന് പുനലൂർ താലൂക്കാശുപത്രിയിലേക്ക് കൊണ്ടുവന്നു. പക്ഷെ ജീപ്പിൽ കൊണ്ടുവരുന്ന വഴിക്കുതന്നെ യുവാവ് മരിച്ചു. അതുകൊണ്ട് പോസ്റ്റുമോർട്ടം ചെയ്യുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുവരേണ്ടിവന്നു. ഇത് ഒരു സ്ഥിരം സംഭവമായി മാറിയിരിക്കുകയാണ്. പുനലൂർ താലൂക്കാശുപത്രിയും ആദിവാസികൾ തിങ്ങിപ്പാർക്കുന്ന മേഖലയായ അച്ചൻകോവിൽ, ആര്യങ്കാവ് പ്രദേശവും തമ്മിൽ 70 കിലോമീറ്റർ ദൂരമുണ്ട്. ഇതുപോലെയുള്ള സീരിയസ്സായ അസുഖം വന്നാൽ അവരെ താലൂക്കാശുപത്രിയിൽ എത്തിക്കുന്നതിനുള്ള സമയം, വാഹന സൗകര്യമില്ലായ്മ ഇതൊക്കെ വലിയ പ്രശ്നമായി തീരുന്നുണ്ട്. ഞാൻ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നത്, പട്ടികവർഗ്ഗ വികസന വകുപ്പിന്റേതായി ഒരു ആംബുലൻസ് സർവ്വീസ് അച്ചൻകോവിൽ പി.എച്ച്. സെന്ററിലോ, പട്ടികവർഗ്ഗ എക്സ്റ്റൻഷൻ ഓഫീസിലോ ആരംഭിക്കണം. പുനലൂരിൽ നിന്ന് ആംബുലൻസ് അച്ചൻകോവിലിൽ എത്തുന്നതിന് രണ്ടര മണിക്കൂർ സമയമെടുക്കും. പിന്നീട് രോഗിയെ പുനലൂരിൽ എത്തിക്കുമ്പോൾ രോഗി കാലാവശേഷനാകുന്ന സ്ഥിതിയാണുള്ളത്. മരിച്ചയാൾ യുവാവാണ്, അദ്ദേഹത്തിന് ഭാര്യയും രണ്ട്

LIBRARY ARCHIVES Kerala Legislative Assembly